**15U204** (Pages:2 ) Name: …………………

Reg. No……………………

# SECOND SEMESTER B.Com. / B.B.A. DEGREE EXAMINATION, JUNE 2016

(CUCBCSS – UG)

(Common Course: Malayalam)

## CC15U MAL2 A08(1) – മലയാളസാഹിത്യപഠനം II

(2015 Admission)

**സമയം: 3 മണിക്കൂർ** **പരമാവധി: 80 മാർക്ക്**

**I. ഓരോന്നിനും ഒറ്റവാക്കിൽ ഉത്തരമെഴുതുക. 1/2 മാർക്ക് വീതം (10x½=5)**

1. വയലാർ അവാർഡ് നേടിയ ലളിതാംബിക അന്തർജ്ജനത്തിന്റെ കൃതി ഏത് ?
2. "മകനേ, നീ എന്നെ അറിയുമോടാ? ഈ നെലേലാണല്ലോ നിന്നെ കാണേണ്ടിവന്നത്." - ആര് ആരോട് പറയുന്നു ?
3. ഓഗസ്റ്റ് ആറിന് കിളിർത്ത കൂണെന്ന് കവി വിശേഷിപ്പിക്കുന്നതെന്തിനെ ?
4. ആദിമഗോത്രങ്ങൾ പരിചയിച്ച ഏക കൃഷിരീതി എന്തായിരുന്നു ?
5. "കുട്ടി ഈ കാലത്ത് ജീവിക്കാൻ തികച്ചും ഫിറ്റ് ആണ്."- ആരുടെ വാക്കുകൾ ?
6. ആരാണ് രാവണന് ആ നാമം നൽകിയത് ?
7. മകൻ അകത്തേക്കു പ്രവേശിച്ചത് ഏതു പോലെയാണെന്നാണ് അമ്മയ്ക്കു തോന്നിയത്. ?
8. തന്റെ മധുരസ്വപ്നങ്ങളുടെ പ്രേതം ഇന്നും അലഞ്ഞു തിരിഞ്ഞു നടക്കുന്നുണ്ടാവും എന്ന് റോസി തോമസ് വിശേഷിപ്പിക്കുന്ന ഇടം ഏത്?
9. ബറൂൾ ഗ്രാമത്തിൽ ദയാബായി ആദ്യം കൃഷി ചെയ്തു തുടങ്ങിയത് എന്ത് ?
10. രാവണമാതാവ് ആര് ?

**II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്കു വീതം. (5x2=10)**

11. പ്രാർത്ഥനാ യുഗത്തിന്റെ നിസ്സഹായതയിൽനിന്ന് ഔസേപ്പുചേട്ടൻ ഉയർന്നിട്ടില്ല എന്നു പറയാൻ കാരണമെന്ത് ?
12. നാലു ദശകങ്ങൾക്കു മുമ്പ് അത് നേടിയെടുത്തപ്പോൾ മഹാസംഭവങ്ങൾ തന്നെയായിരുന്നു - ഉദ്ദേശിച്ചതെന്ത് ?
13. "അതിലീനമ്രാത്മാവിൻ
    പ്രാർത്ഥന കൂടിച്ചേരാം."- ഏതിൽ ? - വിവരിക്കുക.
14. ബറൂൾ ഗ്രാമത്തിലെ ഭൂമി എങ്ങനെയുള്ളതായിരുന്നു ? കൃഷി ചെയ്യുന്നതിനു മുന്നോടിയായി എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തി ?

15. ''എല്ലാവരും ഇങ്ങനെ സഹകരിച്ചിരുന്നുവെങ്കിൽ ഞങ്ങളുടെ പദ്ധതി എത്ര എളുപ്പമായിരുന്നു.'' - ആരുടെ വാക്കുകൾ ? സന്ദർഭം വിവരിക്കുക.

**III. ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഖണ്ഡികാരൂപത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം.** **(5x5=**

16. ശെമ്മാശ്ശനായി വേഷം സ്വീകരിക്കുന്നതിന്റെ തലേന്നാൾ സി.ജെയെ ഭരിച്ച മനോവികാരങ്ങൾ എന്തായിരുന്നു ?
17. ''ശ്രീജിതനാണ് രാവണൻ''- ഇക്കാര്യം സമർത്ഥിക്കുന്നതെങ്ങിനെ ?
18. ചേട്ടൻ അനിയത്തിയെ അലങ്കരിച്ചതെങ്ങിനെയെല്ലാം ?
19. ''സർഗ്ഗസമൃദ്ധിതൻ മന്ദിരം തന്നെയീ ലോകം.'' എന്ന് ചിന്തിക്കുവാൻ കവിയെ പ്രേരിപ്പിക്കുന്ന കാര്യങ്ങൾ എന്തെല്ലാം ?
20. എഴുത്തുകാരുടെ കൂടിച്ചേരലുകളിൽ പങ്കെടുക്കുവാൻ കഥാകാരിയെ പ്രേരിപ്പിക്കുന്നതെന്ത്
21. ''അപ്പനെന്നോടിതു ചെയ്യുമെന്ന് ഒരിക്കലും ഞാൻ വിചാരിച്ചിട്ടില്ല.'' ആരുടെ വാക്കുകൾ ? സന്ദർഭം വിശദമാക്കുക.
22. ''എത്ര പഴകിയതാണ് നമ്മുടെ സ്നേഹബന്ധം അതുള്ളപ്പോൾ നിനക്ക് ദുഃഖിക്കാനെന്താണ് കാരണം ?'' സന്ദർഭവും ആശയവും വ്യക്തമാക്കുക.

**IV. ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക. 10 മാർക്ക് വീതം.** **(4x10=40**

23. സ്ത്രീയുടെ സർഗ്ഗാത്മകതക്ക് കൂച്ചുവിലങ്ങിടാൻ പുരുഷോത്തമന്മാർ ശ്രമിച്ചുകൊണ്ടേ ഇരിക്കുന്നു. പാഠ്യഭാഗത്തെ മുൻനിറുത്തി ചർച്ച ചെയ്യുക.
24. കവി ജഗത്തിനെ വെല്ലുവിളിക്കുന്നതെങ്ങിനെ ?
25. 'നിസ്വാർത്ഥമായ സ്നേഹത്തിന്റെ കഥയാണ് ശബ്ദിക്കുന്ന കലപ്പ.'' - വിലയിരുത്തുക.
26. കലയുടെ വളർച്ചയ്ക്ക് അത്യാവശ്യമായി വേണ്ടത് സ്വാതന്ത്ര്യമാണ് എന്ന്. അന്തർജ്ജനം വിശദീകരിക്കുന്നതെങ്ങിനെ ?
27. 'രാവണ വിഗ്രഹത്തിലെ വാടാമലരാണ് മണ്ഡോദരി.' - വിശദമാക്കുക.
28. പുതിയ വാതിലുകൾ എന്ന കഥ നവമാധ്യമങ്ങളുടെ സ്വാധീനത്തെ അതിഭാവുകത്വത്തോടെ ചിത്രീകരിക്കുന്നതാണ് - വിവരിക്കുക.

*******